**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1452** **19-06-2024 - ൽ മറുപടിയ്ക്ക്**

**അരൂർ ഗവൺമെന്റ് ഹൈസ്കൂളിലെ ക്ലാസ്സ് മുറികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിലെ അരൂർ ഗവൺമെന്റ് ഹൈസ്കൂളിൽ നിലവിൽ എത്ര ക്ലാസ്സ് മുറികൾ ഉണ്ടെന്ന് വിശദമാക്കാമോ; | (എ) | അരൂർ മണ്ഡലത്തിലെ അരൂർ ഗവൺമെന്റ് ഹൈസ്കൂളിൽ നിലവിൽ 29 ക്ലാസ് മുറികൾ ഉണ്ട്.(6 unfit) |
| (ബി) | പ്രസ്തുത ക്ലാസ്സ് മുറികളിൽ എത്രയെണ്ണം പഠനത്തിനും ലാബിനും മറ്റുമായി ഉപയോഗിക്കുന്നുണ്ട് എന്ന് വിശദമാക്കാമോ; | (ബി) | 23 ക്ലാസ് മുറികൾ പഠനാവശ്യത്തിനും ലാബിനും മറ്റുമായി ഉപയോഗിക്കുന്നു. |
| (സി) | പ്രസ്തുത സ്കൂൾ കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന കേരള യൂണിവേഴ്സിറ്റിയുടെ സ്റ്റഡി സെന്ററിന് എത്ര ക്ലാസ്സ് മുറികൾ വിട്ടുനൽകിയിട്ടുണ്ട് എന്ന് വിശദമാക്കാമോ; | (സി) | 8 ക്ലാസ്സ് മുറികൾ ഉൾപ്പെടുന്ന ഇരുനില കെട്ടിടമാണ് കേരള യൂണിവേഴ്സിറ്റിയുടെ സ്റ്റഡി സെന്ററിന് വിട്ടുനൽകിയിട്ടുള്ളത്. |
| (ഡി) | യൂണിവേഴ്സിറ്റി സ്റ്റഡി സെന്ററിന് (യു.ഐ.റ്റി.) ക്ലാസ്സ് മുറികൾ വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ; | (ഡി) | യൂണിവേഴ്സിറ്റി സ്റ്റഡി സെന്ററിന് ക്ലാസ്സ് മുറികൾ വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട് അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല. ആലപ്പുഴ ജില്ലാ പഞ്ചായത്ത് ജി.എച്ച്.എസ്.എസ്.അരൂർ സ്കൂളിലെ പഴയ കെട്ടിടത്തിലെ 4 ക്ലാസ്സ് മുറികൾകൂടി താൽക്കാലികമായി യു.ഐ.റ്റി യ്ക്ക് വിട്ടുനൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ ശുപാർശ ചെയ്തുവെങ്കിലും അതിനെതിരെ സ്കൂളിലെ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾ ജില്ലാ കളക്ടർക്കും വിദ്യാഭ്യാസ ഉപഡയറക്ടർക്കും പരാതി നൽകിയിരുന്നു. |
| (ഇ) | യൂണിവേഴ്സിറ്റി സ്റ്റഡി സെന്ററിന് കെട്ടിടം വിട്ടുനൽകുന്നതിന് സാങ്കേതികമായി എന്തെങ്കിലും പ്രശ്നമുണ്ടോ എന്ന് വിശദമാക്കാമോ; | (ഇ) | യു.ഐ.റ്റി പ്രവർത്തിക്കുന്നതുമൂലം എൽ.പി. മുതൽ എച്ച്.എസ് വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് കെ.ഇ.ആർ അധ്യായം IV ചട്ടം 3 ൽ പ്രതിപാദിക്കും പ്രകാരമുള്ള കളിസ്ഥലം ഇല്ലാതായിട്ടുണ്ട്. എൽ.കെ. ജി മുതൽ പത്താം ക്ലാസ്സ് വരെയുള്ള കുട്ടികളോടൊപ്പം ഡിഗ്രി തലത്തിലുള്ള കുട്ടികളും ഒരേ കോമ്പൗണ്ടിൽ പഠിക്കുമ്പോൾ ഇരുവിഭാഗം കുട്ടികൾക്കും അനുകൂലമായ പഠനാന്തരീക്ഷം ലഭിക്കാതെ വരുന്നു. |

| | | | |
|---|---|---|---|
| (എഫ്) | കെട്ടിടം വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട് നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (എഫ്) | വിഷയം പരിശോധിച്ച് വിശദമായ റിപ്പോർട്ട് നൽകുവാൻ വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ